"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയി ശ്രീ. മനോജ് ജി കൃഷ്ണൻ-നെ പുനഃ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.87/2023/LAW തീയതി,തിരുവനന്തപുരം, 24-08-2023

---

പരാമർശം:-

1. 28-01-1978 തീയതിയിലെ സ.ഉ. (കൈ) നം.11/1978/നിയമം നമ്പർ ഉത്തരവ്.
2. 05.03.2020 തീയതിയിലെ സ.ഉ. (കൈ) നം..28/2020/ നിയമം നമ്പർ ഉത്തരവ്.
3. 04-03-2023 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/ 9402/2022-S5 നമ്പർ കത്ത്
4. 09-08-2019 തീയതിയിലെ സ.ഉ. (കൈ) നം.68/19/നിയമം നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ പരാമർശം (2) പ്രകാരം മൂന്ന് വർഷത്തേയ്ക്ക് നിയമിച്ചിരുന്ന ശ്രീ. മനോജ് ജി കൃഷ്ണന്റെ നിയമന കാലാവധി **05.03.2023** -ൽ അവസാനിച്ചിട്ടുള്ളതാണ്. പരാമർശം (4) -ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജില്ലാ കളക്ടറാണ് പുനർനിയമനത്തിനുള്ള ശിപാർശ സമർപ്പിക്കേണ്ടത്. ആയത് പ്രകാരം എറണാകുളം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം പുനർനിയമനത്തിന് ശിപാർശ ചെയ്തിട്ടുള്ളതും ജില്ലാ & സെഷൻസ് ജഡ്ജി, ജില്ലാ പോലീസ് മേധാവി, ജില്ലാ ലോ ഓഫീസർ, എന്നിവരുടെ അനുകൂല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതുമാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ **05.03.2023** തീയതി മൂന്ന് വർഷത്തെ സേവന കാലാവധി പൂർത്തിയാക്കിയ ശ്രീ. മനോജ് ജി.കൃഷ്ണനെ **06.03.2023** തീയതി മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷത്തേയ്ക്കോ അല്ലെങ്കിൽ **60** വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, പുനർനിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത അഭിഭാഷകന്റെ നിയമനവും സേവന വേതന വ്യവസ്ഥകളും

**1978**-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.G SANAL KUMAR
നിയമ സെക്രട്ടറി

പകർപ്പ്:-

1. ശ്രീ. മനോജ് ജി. കൃഷ്ണൻ, ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, എറണാകുളം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
4. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
5. ശിരസ്തദാർ ജില്ലാ കോടതി, എറണാകുളം.
6. ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, എറണാകുളം.
7. ഡിസ്ട്രിക്റ്റ് ലാ ഓഫീസർ, കളക്ട്രേറ്റ്, എറണാകുളം.
8. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം.
9. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
10. പൊതുഭരണ (എസ്.സി) വകുപ്പ് (23-08-2023 തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 174o)
11. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
12. ബഹു.നിയമവും കയറും വ്യവസായവും വകുപ്പ് മന്ത്രിയുടെ പി.എസ്.
13. നിയമ സെക്രട്ടറിയുടെ പി.എ.
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
15. നിയമ (നോഡൽ) വകുപ്പ്.
16. നിയമ (മോണിറ്ററിങ്) വകുപ്പ്.
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Aananth N B
Date: 24-08-2023 19:22:56
സെക്ഷൻ ഓഫീസർ

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 23-08-2023**

ഫയൽ നം. 33/ഇൻസ്പെ.1/2023/നിയമം. ഇനം നം: 1740

വിഷയം : നിയമ വകുപ്പ് - ശ്രീ. മനോജ് ജി കൃഷ്ണൻ-നെ എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയി പുനഃനിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

1740

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| ഫയൽ നമ്പർ | : | നം. 33 /ഇൻസ്പെ.1/2023/നിയമം |
| വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| വിഷയം | : | ശ്രീ. മനോജ് ജി കൃഷ്ണൻ-നെ എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയി പുനഃ നിയമിക്കുന്നത് - സംബന്ധിച്ച്. |
| മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16.08.2023 |
| (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ആർ. സുരേഷ് ബാബു |
| കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽകുമാർ |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21 /08/2023 |
| കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി. |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21 /08/2023 |
| കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 21 /08/2023 |
| കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22 /08/2023 |
| മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ശ്രീ. മനോജ് ജി കൃഷ്ണൻ-നെ എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയി പുനഃ നിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 04-03-2023 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/9402/2022-S5 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നിയമിതനായ ശ്രീ. മനോജ് ജി കൃഷ്ണന്റെ നിയമന കാലാവധി 05.03.2023 -ൽ മൂന്ന് വർഷം പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ സർക്കാർ അഭിഭാഷകരെ പുനർനിയമിക്കുമ്പോൾ 09-08-2019 -ൽ പുറപ്പെടുവിച്ച സ.ഉ.(കൈ)നം. 68/2019/നിയമം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഉറപ്പ് വരുത്തിയ ശേഷമാണ് ജില്ലാ കളക്ടർ അഭിഭാഷകന് പുനർനിയമനം നൽകുന്നതിന് ശിപാർശ ചെയ്യേണ്ടത്. ആയത് പ്രകാരം ജില്ലാ കളക്ടർ ശ്രീ. മനോജ് ജി. കൃഷ്ണൻ -ന് പുനർനിയമനം നൽകണമെന്ന് ശിപാർശചെയ്യുകൊണ്ടുള്ള കത്തിനോടൊപ്പം എറണാകുളം ജില്ലാ ജഡ്ജിയുടെ കത്തും ജില്ലാ ലോ ഓഫീസറുടെ റിപ്പോർട്ടും എറണാകുളം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ ശിപാർശ കത്തും ജില്ലാ പോലീസ് മേധാവിയുടെ സ്വഭാവ -പൂർവ്വകാല ചരിത്രം സംബന്ധിച്ച് അനുകൂല റിപ്പോർട്ടും നൽകിയിട്ടുണ്ട്.

3. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ജില്ലാ ഗവ. പ്ലീഡർമാരെ 3 വർഷ കാലയളവിലേയ്ക്കാണ് നിയമിക്കുന്നത്. ശ്രീ. മനോജ്. ജി. കൃഷ്ണൻ- നെ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ ആയി നിയമിച്ചത് 05-03-2020 തീയതിയിലെ സ.ഉ. (കൈ) നം28/2020/നിയമം നമ്പർ ഉത്തരവ് പ്രകാരമാണ്. ശ്രീ. മനോജ്. ജി. കൃഷ്ണൻ ടി ഉത്തരവ് പ്രകാരം 06-03-2020 ലാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. KGLO ചട്ടം 9 പ്രകാരം മൂന്ന് വർഷത്തെ കാലാവധി അവസാനിച്ചത് 05-03-2023 നാണ്. കാലാവധി കഴിഞ്ഞാൽ, ആവശ്യമെങ്കിൽ, ടി സർക്കാർ അഭിഭാഷകനെ ചട്ടം 9 പ്രകാരം വീണ്ടും 3 വർഷ കാലയളവിലേയ്ക്ക് പുനർ നിയമിക്കാവുന്നതാണ്.

4. ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതും അവരെ പുനഃ നിയമിക്കുന്നതും മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

5. മേൽ സാഹചര്യത്തിൽ, എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നിയമിതനായ ശ്രീ. മനോജ് ജി കൃഷ്ണൻ-ന്റെ നിയമന കാലാവധി **05.03.2023** തീയതിയിൽ പൂർത്തിയായതിനാൽ **06.03.2023** തീയതി മുതൽ 3 വർഷത്തിൽ കവിയാത്ത കാലയളവിൽ പുനഃനിയമിക്കുന്നതിൻമേൽ തീരുമാനമെടുക്കുന്നതിനായി ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് ഉത്തരവാകുന്നതിനായി ഫയൽ ബഹു. നിയമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ആയത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 16.08.2023 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

എറണാകുളം ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ **05.03.2023** തീയതി മൂന്ന് വർഷത്തെ സേവന കാലാവധി പൂർത്തിയാക്കിയ ശ്രീ. മനോജ് ജി. കൃഷ്ണനെ **06.03.2023** തീയതി മുതൽ മൂന്ന് വർഷത്തേയ്ക്കോ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ ടി തസ്തികയിൽ പുനഃ നിയമിക്കാവുന്നതാണോ ?